**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 512** **02-02-2023 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റ ഭീഷണി അതിജീവിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിലക്കയറ്റ ഭീഷണി അതിജീവിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ ഇതിൽ എത്ര തുക ഏതൊക്കെ ഇനത്തിൽ റിലീസ് ചെയ്തു നൽകിയെന്നും വ്യക്തമാക്കുമോ? | (എ) | വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള വിപണി ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് സപ്ലൈകോയ്ക്ക് നടപ്പ് സാമ്പത്തിക വർഷം 2408-01-102-99-33 എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ ഭക്ഷ്യ ധാന്യ കിറ്റ് വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിന് 220 കോടി രൂപ അധിക ധനാനുമതിയായും അനുവദിച്ചിരുന്നു. ഇപ്രകാരം ശീർഷകത്തിൽ ആകെ അനുവദിച്ചിരുന്ന 400 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>നടപ്പ സാമ്പത്തിക വർഷം പൊതു വിതരണ ശൃംഖല വഴിയുള്ള റേഷൻ വിതരണത്തിനായി 2408-01-101-94 എന്ന ശീർഷകത്തിൽ 1084.90 കോടി രൂപ ബജറ്റ് വിഹിതവും 64 കോടി രൂപ അധിക ധനാനുമതിയും ഉൾപ്പടെ 1148.9 കോടി രൂപ വകയിരുത്തുകയും 830.98 കോടി രൂപ നാളിതുവരെ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സർക്കാർ സബ്സിഡിയോട്ടു കൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോട്ടു കൂടി താൽക്കാലിക സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നതിന് നടപ്പ സാമ്പത്തിക വർഷത്തിൽ '2425-00-108-80-00-33-0-N-V' എന്ന ശീർഷകത്തിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 29.08.2022 മുതൽ 07.09.2022 വരെ സംസ്ഥാനത്ത് 1685 താല്ക്കാലിക വിപണികളിലൂടെ സംഘടിപ്പിച്ച സഹകരണ ഓണം |

| | | | |
|---|---|---|---|
| | | | വിപണിക്കായി 16 കോടി രൂപ പ്രസ്തുത തുകയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമായി 230.00 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 78.9 ലക്ഷം രൂപ നാളിതു വരെ വിനിയോഗിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളി, തീരദേശ കുടുംബങ്ങൾക്ക് സപ്ലൈകോയുടെ മാവേലി ഇനത്തിൽപ്പെട്ട സബ്സിഡി സാധനങ്ങളും നോൺ മാവേലി ഇനത്തിൽപ്പെട്ട Fast Moving Consumer Goods (FMCG) ഇനങ്ങളും മറ്റു ശബരി ഉൽപ്പന്നങ്ങളും SAF (Society for Assistance to Fisherwomen) ന്റെ കീഴിലുള്ള 10 തീരമൈത്രി സൂപ്പർമാർക്കറ്റുകൾ, 6 കമ്മ്യൂണിറ്റി പ്രോവിഷൻ സ്റ്റോറുകൾ എന്നിവയിലൂടെ വിതരണം ചെയ്യുന്നതിനായി ഫിഷറീസ് വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് തീരമാവേലി. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 10 തീരമൈത്രി സൂപ്പർമാർക്കറ്റുകളും, 6 കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു. തീരദേശ ജില്ലകളിലെ 25000-ത്തിലധികം കുടുംബങ്ങളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. നടപ്പ് സാമ്പത്തിക വർഷത്തിൽ തീരമാവേലി പദ്ധതിക്കായി 2405-00-105-88-33 ശീർഷകത്തിൽ അധികധനാനുമതി വഴി 30,82,000/- രൂപ അനുവദിക്കുകയും 13,77,310/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.512** **02.02.2023 ലെ മറുപടിക്ക്**

**<u>വിലക്കയറ്റ ഭീഷണി അതിജീവിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക</u>**

| <u>ചോദ്യം</u><br>ഡോ.മാത്യു കുഴൽനാടൻ | <u>മറുപടി</u><br>കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|
| (എ) വിലക്കയറ്റ ഭീഷണി അതിജീവിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ ഇതിൽ എത്ര തുക ഏതൊക്കെ ഇനത്തിൽ റിലീസ് ചെയ്തു നൽകിയെന്നും വ്യക്തമാക്കുമോ? | വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള വിപണി ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് സപ്ലൈകോയ്ക്ക് നടപ്പ് സാമ്പത്തിക വർഷം 2408-01-102-99-33 എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ ഭക്ഷ്യ ധാന്യ കിറ്റ് വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിന് 220 കോടി രൂപ അധിക ധനാനുമതിയായും അനുവദിച്ചിരുന്നു. ഇപ്രകാരം ശീർഷകത്തിൽ ആകെ അനുവദിച്ചിരുന്ന 400 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>നടപ്പു സാമ്പത്തിക വർഷം പൊതു വിതരണ ശ്യംഖല വഴിയുള്ള റേഷൻ വിതരണത്തിനായി 2408-01-101-94 എന്ന ശീർഷകത്തിൽ 1084.90 കോടി രൂപ ബജറ്റ് വിഹിതവും 64 കോടി രൂപ അധിക ധനാനുമതിയും ഉൾപ്പടെ 1148.9 കോടി രൂപ വകയിരുത്തുകയും 830.98 കോടി രൂപ നാളിതുവരെ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സർക്കാർ സബ്സിഡിയോടു കൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടു കൂടി താൽക്കാലിക സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ '2425-00-108-80-00-33-0-N-V' എന്ന ശീർഷകത്തിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| | 29.08.2022 മുതൽ 07.09.2022 വരെ സംസ്ഥാനത്ത് 1685 താല്ക്കാലിക വിപണികളിലൂടെ സംഘടിപ്പിച്ച സഹകരണ ഓണം വിപണിക്കായി 16 കോടി രൂപ പ്രസ്തുത തുകയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമായി 230.00 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 78.9 ലക്ഷം രൂപ നാളിതു വരെ വിനിയോഗിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളി, തീരദേശ കുടുംബങ്ങൾക്ക് സപ്ലൈകോയുടെ മാവേലി ഇനത്തിൽപ്പെട്ട സബ്സിഡി സാധനങ്ങളും നോൺ മാവേലി ഇനത്തിൽപ്പെട്ട Fast Moving Consumer Goods (FMCG) ഇനങ്ങളും മറ്റു ശബരി ഉൽപ്പന്നങ്ങളും SAF (Society for Assistance to Fisherwomen) ന്റെ കീഴിലുള്ള 10 തീരമൈത്രി സൂപ്പർമാർക്കറ്റുകൾ, 6 കമ്മ്യൂണിറ്റി പ്രോവിഷൻ സ്റ്റോറുകൾ എന്നിവയിലൂടെ വിതരണം ചെയ്യുന്നതിനായി ഫിഷറീസ് വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് തീരമാവേലി. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 10 തീരമൈത്രി സൂപ്പർമാർക്കറ്റുകളും, 6 കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു. തീരദേശ ജില്ലകളിലെ 25000-ത്തിലധികം കുടുംബങ്ങളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. നടപ്പ് സാമ്പത്തിക വർഷത്തിൽ തീരമാവേലി പദ്ധതിക്കായി 2405-00-105-88-33 ശീർഷകത്തിൽ അധികധനാനുമതി വഴി 30,82,000/- രൂപ അനുവദിക്കുകയും 13,77,310/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ